# എസ്.എസ്.എ സംസ്ഥാന - ജില്ലാതല പ്രോജക്ട് ഓഫീസുകളിലേക്ക്

# ബഹുജനമാർച്ച്

**2013 മെയ് 14 രാവിലെ 10 മണി**

- ✱ എസ്.എസ്.എ. യിലെ അഴിമതിയെക്കുറിച്ചും ഫ് ലാപ്സാക്കുന്നതിനെക്കുറിച്ചും കേന്ദ്ര ഏജൻസി അന്വേഷണം നടത്തുക.
- ✱ എസ്.എസ്.എ നടത്തിപ്പിലെ ധൂർത്തും കെടുകാര്യസ്ഥതയും അവസാനിപ്പിക്കുക.
- ✱ എസ്.എസ്.എ യിലെ എല്ലാ ആനുകൂല്യങ്ങളും എയ്ഡഡ് സ്കൂളുകളിലെ കുട്ടികൾക്കുകൂടി ലഭ്യമാക്കുക.
- ✱ ജില്ലാ പർച്ചേയ്സ് കമ്മിറ്റികളുടെ അധികാരം പുനഃസ്ഥാപിക്കുക.
- ✱ അക്കാദമികരംഗത്തെ ഇടപെടൽ കാര്യക്ഷമമാക്കുക
- ✱ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും എസ്.എസ്.എ വിഹിതമായി നൽകുന്ന തുക ഫലപ്രദമായി വിനിയോഗിക്കുക.
- ✱ ആർ.എം.എസ്.എ. പ്രവർത്തനം കാര്യക്ഷമമാക്കുക.
- ✱ അന്യായമായി സസ്പെന്റ് ചെയ്ത അധ്യാപകരെ തിരിച്ചെടുക്കുക.

സുഹൃത്തേ,

പൊതുവിദ്യാഭ്യാസം ശക്തിപ്പെടുത്തുന്നതിനും ഗുണനിലവാരം വർദ്ധിപ്പിക്കുന്നതിനും ഫലപ്രദമായി പ്രവർത്തിച്ചിരുന്ന എസ്.എസ്.എ പ്രോജക്ട് ഇന്ന് അഴിമതിയുടെയും കെടുകാര്യസ്ഥതയുടെയും ധൂർത്തിന്റെയും കൂത്തരങ്ങായി മാറിയിരിക്കുന്നു.

പ്രാദേശിക വികസന പ്രവർത്തനങ്ങൾക്ക് ചെലവഴിക്കേ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി വിഹിതത്തിൽ നിന്നുൾപ്പെടെ ലഭിക്കുന്ന കോടിക്കണക്കിനു രൂപ ഉപയോഗിക്കപ്പെടാതെ ലാപ്സാവുകയാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ എസ്.എസ്.എ യുടെ പ്രവർത്തനങ്ങളിൽനിന്നും പൂർണ്ണമായും ഒഴിവാക്കിയിരിക്കുകയാണ്. പദ്ധതി നിർവ്വഹണത്തിൽനിന്നും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ ഒഴിവാക്കി. പ്രത്യേക പരിഗണന ലഭിക്കേുന്ന കുട്ടികളുടെ ക്ഷേമപ്രവർത്തനത്തിനുതകേ ഫുപോലും കൈയ്യിട്ടുവാരുന്ന സ്ഥിതിവിശേഷമാണ് ഇന്ന് ഈ പ്രോജക്ടിൽ നിലനിൽക്കുന്നത്. എസ്.എസ്.എ യിൽ നടക്കുന്ന ഇത്തരം പ്രവർത്തനത്തെക്കുറിച്ച് കേന്ദ്രഏജൻസി സമഗ്രമായ അന്വേഷണം നടത്തുകയും കുറ്റക്കാരെ ശിക്ഷിക്കുകയും വേണം.

ഹൈസ്കൂൾ - ഹയർസെക്കന്ററി വിദ്യാലയങ്ങളുടെ ഭൗതിക സൗകര്യങ്ങളും അക്കാദമിക നിലവാരവും മെച്ചപ്പെടുത്താനുള്ള ആർ.എം.എസ്.എ പ്രോജക്ട് പ്രവർത്തനം ഇതുവരെ ഫലപ്രദമായി ആരംഭിക്കാൻ കഴിഞ്ഞിട്ടില്ല. കേന്ദ്രത്തിൽ നിന്നും ലഭിക്കുന്ന ഫ് ലാപ്സാവുകയാ

ണ്. ആർ.എം.എസ്.എ പദ്ധതിയനുസരിച്ച് ഹൈസ്കൂളുകളായിമാറിയ വിദ്യാലയങ്ങളിലെ അധ്യാപകർക്ക് കൃത്യസമയത്ത് ശമ്പളംപോലും ലഭിക്കുന്നില്ല. ആർ.എം.എസ്.എ പ്രവർത്തനം അടിയന്തിരമായി കാര്യക്ഷമമാക്കണം.

എസ്.എസ്.എ വഴി ലഭ്യമാക്കുന്ന പല ആനുകൂല്യങ്ങളും എയ്ഡഡ് വിദ്യാലയങ്ങളിലെ വിദ്യാർത്ഥികൾക്ക് ഇന്ന് ലഭിക്കുന്നില്ല. അവർക്കുകൂടി ബാധകമാവുന്ന തരത്തിൽ പദ്ധതി പ്രവർത്തനങ്ങളിൽ മാറ്റം വരുത്തണം. അന്വേഷണത്തിന്റെ പേരിൽ വിദ്യാഭ്യാസ വകുപ്പിന്റെപോലും അനുമതിയില്ലാതെ പല അധ്യാപകരെയും അകാരണമായി സസ്പെന്റ് ചെയ്തിരിക്കുകയാണ്. സസ്പെൻഷൻ പിൻവലിക്കുകയും ഇവരെ സർവ്വീസിൽ തിരികെ പ്രവേശിപ്പിക്കാനാവശ്യമായ നടപടികൾ ഉടനെ സ്വീകരിക്കണം.

ജില്ലകളിൽ പ്രത്യേക പരിഗണന വേുന്ന കുട്ടികൾക്കുള്ള പഠനോപകരണങ്ങൾ വാങ്ങുന്നതിന് ഉായിരുന്ന ജില്ലാ പർച്ചേയ്സ് കമ്മിറ്റിയെ ഇപ്പോൾ നിർജ്ജീവമാക്കിയിരിക്കുകയാണ്. സംസ്ഥാന പ്രോജക്ട് ഓഫീസ് അടച്ചുപൂട്ടിയ കമ്പനിയെ ഉപകരണങ്ങൾ വാങ്ങുന്നതിന് ചുമതലപ്പെടുത്തി. ഇതിനുപിന്നിൽ നടന്ന വൻഅഴിമതിയെക്കുറിച്ച് നിയമസഭയിൽപോലും ചർച്ച നടന്നു.

അക്കാദമികരംഗത്ത് ഫലപ്രദമായ മുന്നേറ്റത്തിന് സഹായമായ വിധത്തിൽ മുൻകാലങ്ങളിൽ എസ്.എസ്.എയുടെ ഇടപെടൽ കാര്യക്ഷമമായിരുന്നു. എന്നാൽ ഇന്നത്തെ എസ്.എസ്.എ പ്രവർത്തനം തികച്ചും അരാജകമാണ്. ഇത് പൊതുവിദ്യഭ്യാസരംഗത്തെ പിറകോട്ടടിപ്പിക്കാനേ സഹായകമാകൂ.

അധ്യാപകരുടെയും രക്ഷിതാക്കളുടെയും ജനപ്രതിനിധികളുടെയുമടക്കം പൊതുവിദ്യാഭ്യാസത്തെ സ്നേഹിക്കുന്ന എല്ലാവരുടെയും അതിശക്തമായ ഇടപെടൽ എസ്.എസ്.എ യുടെ പ്രവർത്തനം നേർവഴിക്കാക്കാൻ ആവശ്യമാണ്. പ്രക്ഷോഭത്തിന്റെ ആദ്യഘട്ടമെന്ന നിലയിൽ തിരുവനന്തപുരത്ത് സ്റ്റേറ്റ് പ്രോജക്ട് ഓഫീസിലേക്കും ജില്ലാ പ്രോജക്ട് ഓഫീസിലേക്കും 2013 മെയ് 14 ന് രാവിലെ 10 മണിക്ക് ബഹുജന മാർച്ചും ധർണ്ണയും നടക്കുകയാണ്. ഈ പ്രക്ഷോഭത്തിൽ പങ്കെടുത്ത് വിജയിപ്പിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

അഭിവാദനങ്ങളോടെ,

**കെ. എൻ. സുകുമാരൻ**
പ്രസിഡന്റ്

**എം.ഷാജഹാൻ**
ജനറൽ സെക്രട്ടറി

**കേരളാ സ്കൂൾ ടീച്ചേഴ്സ് അസോസിയേഷൻ (കെ.എസ്.ടി.എ)**